# ശീശ്മയും വലിയ മഹറോൻ ശിക്ഷയും അതിന്റെ പരിണിതഫലങ്ങളും: ഒരു കാനോനിക അവലോകനം

**ഡോ. ജെയിംസ് മാത്യു പാമ്പാറ സി.എം.ഐ.**

**ആമുഖം**

പൗരസ്ത്യ കാനോന സംഹിതയിലെ 1437-ാം കാനോന ഇപ്രകാരം നിഷ്കർഷിച്ചിരിക്കുന്നു: "സഭയുടെ പരമോന്നത അധികാരത്തോടുള്ള വിധേയത്വമോ അതിന് വിധേയരായ ക്രൈസ്തവ വിശ്വാസികളോടുള്ള കൂട്ടായ്മയോ നിരസിക്കുകയും, നിയമാനുസൃതം താക്കീത് നൽകിയിട്ടും അനുസരിക്കാതിരിക്കുകയും ചെയ്യുന്ന ഒരാൾ ശീശ്മക്കാരനെന്ന നിലയിൽ വലിയ മഹറോൻ ശിക്ഷയ്ക്കർഹനാണ്." കത്തോലിക്കാ സഭയുടെ കാനൻ നിയമമനുസരിച്ച് ശിക്ഷാർഹമായ ഗൗരവതരമായ ഒരു കുറ്റമാണ് ശീശ്മ എന്നത്. ഈ ശീശ്മ ഇപ്പോൾ എറണാകുളം-അങ്കമാലി അതിരൂപതയിലെ കുർബാനയർപ്പണ സംബന്ധിയായ അനുസരണക്കേടിന്റെ പശ്ചാത്തലത്തിൽ ഒരു യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു എന്നതും ആ ശീശ്മയിൽനിന്ന് 2024 ജൂലൈ മൂന്നാം തീയതിയെങ്കിലും മാറാത്തവരെ ശിക്ഷിക്കുമെന്നുള്ള അന്ത്യശാസനം സീറോ-മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവുംകൂടി 2024 ജൂൺ 9-ാം തീയതി പുറപ്പെടുവിച്ച ഒരു സംയുക്ത സർക്കുലറിന്റെ പശ്ചാത്തലത്തിലാണ് ഈ ലേഖനം എഴുതുന്നത്.

**1. 2024 ജൂൺ ഒമ്പതാം തീയതിയിലെ സർക്കുലർ: ഒരു അപഗ്രഥനം**

2024 മെയ് 15-ാം തീയതി, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ നിർദ്ദേശപ്രകാരം റോമിൽ വച്ച് നടന്ന സീറോ-മലബാർ സഭയുടെ ഉന്നതാധികാരസമിതി അഥവാ ഹൈക്കമാൻഡ് എടുത്ത തീരുമാനങ്ങളാണ് 2024 ജൂൺ ഒമ്പതാം തീയതിയിലെ സംയുക്ത സർക്കുലറിലെ പ്രതിപാദ്യവിഷയം. മാർപാപ്പയുടെ പരമാധികാരം തന്നെയാണ് ഈ ഉന്നതാധികാരസമിതിയും വിനിയോഗിച്ചിരിക്കുന്നത്. മാർപാപ്പയുടെ നിർദ്ദേശപ്രകാരം കൂടിയ യോഗത്തിന്റെ തീരുമാനമായതിനാലും, അതിൽ മാർപാപ്പയെ പ്രതിനിധീകരിച്ച് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദ്ദിനാൾ പിയേത്രോ പരോളിനും പേപ്പൽ ഡെലഗേറ്റ് ആർച്ച് ബിഷപ്പ് സിറിൽ വാസിൽ പിതാവും പൗരസ്ത്യ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദ്ദിനാൾ ക്ലാവുദിയോ ഗുജറോത്തിയും സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പും പങ്കെടുത്തതിനാലും, ആ യോഗത്തിന്റെ തീരുമാനങ്ങൾ മാർപാപ്പയുടെ അധികാരമുപയോഗിച്ചെടുത്തിട്ടുള്ള തീരുമാനങ്ങളാകയാലും ബന്ധപ്പെട്ട കത്തോലിക്കാ വിശ്വാസികളെല്ലാവരും അവ അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഈ തീരുമാനങ്ങളെ തള്ളിക്കളയുവാനോ തിരുത്തുവാനോ സീറോ-മലബാർ സിനഡിനോ കത്തോലിക്കാ സഭയുടെ പരമോന്നത കോടതി ആയ സിഞ്ഞത്തൂര അപ്പസ്തോലിക്കയ്ക്കോ പോലും സാധ്യവുമല്ല. ഇതിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ മാർപാപ്പയ്ക്ക് മാത്രമേ ഇന്നത്തെ സാഹചര്യത്തിൽ സാധ്യമാവുകയുള്ളു.

ഉന്നതാധികാരസമിതിയുടെ യോഗത്തിലെ തീരുമാനങ്ങൾ 8 നമ്പരുകളിലായി സർക്കുലറിൽ നൽകിയിരിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കാം:

1. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകൃതരൂപം എല്ലായിടത്തും നടപ്പിലാക്കണമെന്ന തീരുമാനത്തിന് യാതൊരു മാറ്റവുമില്ല.
2. മാർപാപ്പയുടെയും സിനഡിന്റെയും ഇത് സംബന്ധിയായ നിർദ്ദേശങ്ങൾ അനുസരിക്കാത്തവർ ശീശ്മയിലാണ് നിപതിക്കുക. അത് കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ നിന്ന് ബഹിഷ്കരിക്കപ്പെടുന്നതിന് ഇടവരുത്തും.
3. അതിനാൽ, ഇതുവരെ അനുസരിക്കാത്തവർക്കുള്ള അന്ത്യശാസനം ഈ സർക്കുലറിലൂടെ നൽകുന്നു: 2024 ജൂലൈ മൂന്നാം തീയതി എങ്കിലും അനുസരിച്ച് ഏകീകൃത ബലിയർപ്പണം ആരംഭിക്കാത്ത സീറോ-മലബാർ സഭാവൈദികരെല്ലാം പിറ്റേദിവസം മുതൽ കത്തോലിക്കാസഭയിൽനിന്ന് സ്വയമേ പുറത്തുപോയവരായി കണക്കാക്കപ്പെടും. അവർക്ക് കത്തോലിക്കാസഭയിൽ വൈദിക ശുശ്രൂഷ ചെയ്യുന്നതിൽനിന്നും വിലക്കേർപ്പെടുത്തും.

4. എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളായി പ്രസ്തുത അതിരൂപതയ്ക്ക് പുറത്ത് പഠനത്തിലും മറ്റു ശുശ്രൂഷകളിലും ഏർപ്പെട്ടിരിക്കുന്നവർ 2024 ജൂലൈ മൂന്നാം തീയതിക്കകം, തങ്ങൾ ഏകീകൃത ബലിയർപ്പണരീതി മാത്രമേ തുടർന്ന് ഉപയോഗിക്കുകയുള്ളൂ എന്ന സത്യവാങ്മൂലം നൽകാത്തപക്ഷം, അവരെയും കത്തോലിക്കാസഭയിൽ പുരോഹിത ശുശ്രൂഷ ചെയ്യുന്നതിൽനിന്ന് വിലക്കേർപ്പെടുത്തുന്നതും അവർ ആയിരിക്കുന്ന സ്ഥലത്തെ അധികാരികളെ പ്രസ്തുത കാര്യം അറിയിക്കുന്നതുമാണ്.
5. 2024 ജൂലൈ 3 ന് ശേഷം ഏകീകൃതരീതിയിലല്ലാതെ വിശുദ്ധ കുർബാന അർപ്പിക്കുന്ന വൈദികന്റെ കുർബാനയർപ്പണത്തിൽനിന്നും മറ്റ് തിരുക്കർമ്മങ്ങളിൽനിന്നും എല്ലാ വിശ്വാസികളും വിട്ടുനിൽക്കണം. അങ്ങനെയുള്ള വിശുദ്ധ കുർബാനയിലെ ഭാഗഭാഗിത്വം ഞായറാഴ്ച കടത്തിൽനിന്ന് വിടുതൽ നൽകുന്നില്ല.
6. ശീശ്മയിൽപ്പെട്ട് സഭാശുശ്രൂഷാവിലക്കിൽപ്പെട്ട വൈദികർ ആശീർവദിക്കുന്ന വിവാഹങ്ങൾ സാധുവായി കത്തോലിക്കാസഭ പരിഗണിക്കുകയില്ല. അവർക്ക് കത്തോലിക്കാസഭയിലെ ഒരു ഇടവകയിലും സ്ഥാപനങ്ങളിലും ഭരണനിർവഹണം നടത്താനാകില്ല.
7. ഏകീകൃത വിശുദ്ധ കുർബാനയർപ്പണം മാത്രമേ നടത്തുകയുള്ളൂ എന്ന് സത്യവാങ്മൂലം നൽകാത്ത വൈദികവിദ്യാർത്ഥികൾക്ക് ഡീക്കൻപട്ടമോ പൗരോഹിത്യപട്ടമോ നൽകുകയില്ല.
8. ഏകീകൃത വിശുദ്ധ കുർബാനയർപ്പണത്തോട് ഇതുവരെ ചേർന്നുനിന്ന വൈദികരെയും സന്യസ്തരെയും അത്മായരെയും കൃതജ്ഞതയോടെ ഓർക്കുന്നു. കത്തോലിക്കാ സഭയുടെ കൂട്ടായ്മയോട് ചേർന്നുനിൽക്കുവാൻ വിശ്വാസസമൂഹം ജാഗ്രത പുലർത്തണം. വിഭാഗീയതയുടെ വിത്തുവിത്യ്ക്കുന്ന നിക്ഷിപ്ത താല്പര്യക്കാരുടെ നുണപ്രചരണങ്ങൾ ക്രൈസ്തവമായ രീതിയിൽ പ്രതിരോധിക്കണം.

ഒന്നാമതായി, ഈ തീരുമാനങ്ങളെപ്പറ്റി പറയുവാനുള്ളത്, ഈ തീരുമാനങ്ങൾ റോമിൽവച്ച് 2024 മെയ് 15-ാം തീയതിയിലെ ഉന്നതാധികാരയോഗത്തിലെടുത്ത തീരുമാനങ്ങളാണ് എന്നതാണ്. അത് 2024 ജൂൺ 14-ാം തീയതിയിലെ സിനഡിന്റെ തീരുമാനങ്ങളായി പുറത്തിറക്കുവാനോ സിനഡിന്റെ അംഗീകാരത്തോടുകൂടി പുറത്തിറക്കുവാനോ ഉദ്ദേശിച്ച് തയ്യാറാക്കിയതാണ് എന്ന് കരുതുക ബുദ്ധിമുട്ടുള്ളതാണ്. പ്രധാന കാരണം, എറണാകുളം-അങ്കമാലി അതിരൂപത സീറോ-മലബാർ സിനഡിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലല്ല എന്നതുതന്നെ. അത് മാർപാപ്പയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാണ്. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരിനാണ് ഇപ്പോഴും എറണാകുളം-അങ്കമാലി അതിരൂപതയുടെ ഭരണച്ചുമതല. അത് വത്തിക്കാൻ മാറ്റാത്തിടത്തോളംകാലം, സിനഡിന്റെ സർക്കുലറിനുപരി മാർ ബോസ്കോ പുത്തൂർ പിതാവും സീറോ-മലബാർ സഭാതലവൻ എന്ന നിലയിൽ മാർ റാഫേൽ തട്ടിൽ പിതാവും തന്നെയാണ് ഇങ്ങനെയുള്ള സർക്കുലർ ഇറക്കേണ്ടത്. അതിനാൽത്തന്നെ, ഈ സർക്കുലർ സാധുവും നൈയാമികവും എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളെ സംബന്ധിച്ചിടത്തോളം അനുസരിക്കേണ്ടതും തന്നെ; തീർച്ച.

ശ്രദ്ധേയമായ മറ്റൊരു കാര്യം, അനുസരണക്കേടിലൂടെ ശീശ്മയിൽ നിപതിച്ച, തദ്വാര, കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്നും പുറത്തുപോയ വൈദികരുടെ വിശുദ്ധ കുർബാന അർപ്പണത്തിൽനിന്നും കത്തോലിക്കാ വിശ്വാസികളായവരെല്ലാവരും വിട്ടുനിൽക്കണമെന്ന നിർദ്ദേശമാണ്. ഇത് അത്മായ വിശ്വാസികളോട് മാത്രമുള്ള നിർദ്ദേശമല്ല; പ്രത്യുത, സന്യാസിനീ-സന്യാസികളോടുമുള്ള നിർദ്ദേശം തന്നെയാണ്. അതിനോടുചേർന്ന് പോകുന്നതാണ്, അങ്ങനെ ശീശ്മയിൽ നിപതിച്ച വൈദികരുടെ വിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കുചേരുന്നതുകൊണ്ട് ഞായറാഴ്ചകടം വീടുകയില്ല എന്നുള്ള സർക്കുലറിലെ പ്രസ്താവനയും. ഇക്കാര്യങ്ങൾ മനസ്സിലാകുവാൻ പൗരസ്ത്യ കാനോന സംഹിതയിലെ വലിയ മഹറോൻ ശിക്ഷയുടെ സ്വഭാവവും അതിന്റെ പരിണിതഫലങ്ങളും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

**2. വലിയ മഹറോൻ ശിക്ഷയുടെ സ്വഭാവവും പ്രത്യാഘാതങ്ങളും**

കത്തോലിക്കാസഭയിൽ ഒരാൾ അംഗമാകുന്നത്, കത്തോലിക്കാസഭയിലെ 23 സ്വയംഭരണാധികാരമുള്ള പൗരസ്ത്യ സഭകളിലേതിലെങ്കിലുമോ, അല്ലെങ്കിൽ ലത്തീൻ സഭയിലോ മാമ്മോദീസ സ്വീകരിക്കുന്നത് വഴിയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ക്രൈസ്തവ വിഭാഗത്തിൽ സാധുവായി മാമ്മോദീസ സ്വീകരിച്ച ശേഷം പിന്നീട് കത്തോലിക്കാസഭയുടെ 24 വ്യക്തിസഭകളിലേതിലെങ്കിലും ചേരുകയോ ചെയ്യുന്നത് വഴിയുമാണ്. ഇങ്ങനെ കത്തോലിക്കാസഭയിലെ അംഗമായ ഒരു വിശ്വാസി കത്തോലിക്കാസഭയുടെ പരമാധികാരിയായ മാർപാപ്പയെയും മാർപാപ്പവഴി നൽകപ്പെട്ട കാനൻ നിയമവും മറ്റ് തീരുമാനങ്ങളും അനുസരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. മറ്റൊരുവാക്കിൽ പറഞ്ഞാൽ, കത്തോലിക്കാസഭയുടെ വിശ്വാസവും സന്മാർഗപഠനങ്ങളുമനുസരിച്ചാൽ മാത്രം ഒരാൾ കത്തോലിക്കാസഭയിലെ അംഗമാകില്ല; പ്രത്യുത,

പ്രസ്തുത സഭയുടെ പരമാധികാരത്തെയും മാർപാപ്പയുടെ കൽപ്പനകളും നിയമങ്ങളുംകൂടി അനുസരിക്കണം. മാർപാപ്പയെ അനുസരിക്കാതിരിക്കുമ്പോൾ ഒരു കത്തോലിക്കാവിശ്വാസി ചെയ്യുന്ന കുറ്റമാണ് ശീശ്മ. ശീശ്മക്കുള്ള ശിക്ഷ വലിയ മഹറോൻ ശക്ഷയാണെന്ന് പൗരസ്ത്യ കാനോന സംഹിത വ്യക്തമാക്കുന്നു (cf. CCEO c.1437).

വലിയ മഹറോൻശിക്ഷ എന്തെന്ന് മനസ്സിലാക്കുവാൻ ചെറിയ മഹറോൻ ശിക്ഷ എന്താണെന്നുകൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. പൗരസ്ത്യ കാനോന സംഹിതയുടെ 1431-ാം ഇങ്ങനെ നിഷ്കർഷിച്ചിരിക്കുന്നു: "§1. ചെറിയ മഹറോൻ ശിക്ഷയിൽപ്പെട്ടിട്ടുള്ളവർ വി. കുർബാന സ്വീകരിക്കുന്നതിൽനിന്നും മാറ്റിനിർത്തപ്പെട്ടിരിക്കുന്നു. കൂടാതെ, വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിൽനിന്നും, പരസ്യമായി ദൈവാരാധന നടക്കുന്ന സമയത്ത് പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നുപോലും, അവരെ ഒഴിവാക്കുവാൻ സാധിക്കും. §2. ഈ ശിക്ഷ ചുമത്തുന്ന വിധിയോ, കല്പനയോ, ശിക്ഷയുടെ വ്യാപ്തിയും, കാര്യത്തിന്റെ സ്വഭാവവുമനുസരിച്ച് ശിക്ഷയുടെ കാലദൈർഘ്യവും നിശ്ചയിക്കേണ്ടതാണ്."

ചെറിയ മഹറോൻശിക്ഷ പ്രധാനമായും വിശുദ്ധ കുർബാനയുടെ സ്വീകരണത്തിൽ നിന്നുള്ള വിലക്കാണെങ്കിൽ, വലിയ മഹറോൻശിക്ഷ, വളരെയധികം പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയാണ്. പൗരസ്ത്യ കാനോന സംഹിതയിലെ 1434-ാം ഇങ്ങനെ വ്യക്തമാക്കുന്നു: "വലിയ മഹറോൻശിക്ഷ ഒരുവനെ കാനോന 1431 §1ൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ കാര്യങ്ങൾക്കും പുറമെ, മറ്റ് കൂദാശകൾ സ്വീകരിക്കുന്നതിൽനിന്നും, കൂദാശകളും കൂദാശാനുകരണങ്ങളും പരികർമ്മം ചെയ്യുന്നതിൽനിന്നും ഏതെങ്കിലും ഉദ്യോഗങ്ങളോ ശുശ്രൂഷകളോ ചുമതലകളോ നിർവഹിക്കുന്നതിൽനിന്നും ഭരണനടപടികൾ നടത്തുന്നതിൽനിന്നും വിലക്കുന്നു. എന്നിരുന്നാലും ഭരണനടപടികൾ നടത്തുകയാണെങ്കിൽ അവ നിയമത്താൽത്തന്നെ അസാധുവാണ്. §2. വലിയ മഹറോൻ ശിക്ഷയിൽപ്പെട്ടിരിക്കുന്ന ഒരു വ്യക്തി വിശുദ്ധ കുർബാനയിലും ദൈവാരാധനയുടെ മറ്റ് പരസ്യാഘോഷങ്ങളിലും പങ്കെടുക്കുന്നതിൽനിന്നും അകറ്റി നിർത്തപ്പെടേണ്ടതാണ്. §3. വലിയ മഹറോൻ ശിക്ഷയിൽപ്പെട്ടിരിക്കുന്ന ഒരു വ്യക്തി തനിക്ക് നേരത്തെ അനുവദിക്കപ്പെട്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽനിന്നും വിലക്കപ്പെട്ടിരിക്കുന്നു. ബഹുമതികളോ, ഉദ്യോഗങ്ങളോ ശുശ്രൂഷകളോ സഭയിലെ മറ്റേതെങ്കിലും ചുമതലയോ പെൻഷനോ സാധുവായി സ്വീകരിക്കുവാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. ഇവയോട് ചേർന്നുള്ള വരുമാനങ്ങളും സ്വന്തമാക്കുവാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. കൂടാതെ, തെരഞ്ഞെടുക്കുവാനും തിരഞ്ഞെടുക്കപ്പെടുവാനുമുള്ള അവകാശം അദ്ദേഹത്തിനില്ലാതാകുന്നു."

മഹറോൻ ശിക്ഷയിൽപ്പെട്ട ഒരു വ്യക്തി അർപ്പിക്കുന്ന വിശുദ്ധ കുർബാനയും പരികർമ്മം ചെയ്യുന്ന മറ്റ് കൂദാശകളും കൂദാശാനുകരണങ്ങളും ഉൾപ്പെടെയുള്ള എല്ലാ ഭരണപരമായ നടപടികളും അസാധുവാണ് എന്നതാണ് മാർപാപ്പായാൽ നൽകപ്പെട്ടിരിക്കുന്ന കാനൻനിയമത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. ശീശ്മവഴി കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽനിന്ന് പുറത്തുപോയ ഒരു വ്യക്തി, ആ അവസ്ഥയിൽനിന്ന് മോചിതനാകുന്നതുവരെ കത്തോലിക്കനായി സഭാനിയമം കരുതുന്നില്ല. അങ്ങനെയുള്ള ഒരു അകത്തോലിക്കൻ നിയമവിരുദ്ധമായി ഒരു കത്തോലിക്കാ പള്ളിയിൽ അർപ്പിക്കുന്ന അസാധുവായ വിശുദ്ധ കുർബാനയർപ്പണത്തിൽനിന്നും എല്ലാ കത്തോലിക്കരും വിട്ടുനിൽക്കേണ്ടതുണ്ട്. ഇതുതന്നെയാണ് സംയുക്ത സർക്കുലറിൽ മേജർ ആർച്ച് ബിഷപ്പും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും ആവശ്യപ്പെട്ടിരിക്കുന്നത്. അത് അസാധുവായ വിശുദ്ധ കുർബാനയർപ്പണമായതുകൊണ്ടാണ്, അങ്ങനെയുള്ള അർപ്പണത്തിൽ പങ്കുചേരുന്നതുകൊണ്ട് ഞായറാഴ്ചകടം വീടില്ല എന്ന് പ്രസ്തുത സർക്കുലർ വ്യക്തമാക്കിയിരിക്കുന്നത്.

### 3. ജൂലൈ 3-ാം തീയതിയുടെ പ്രത്യേകത

എറണാകുളം-അങ്കമാലി അതിരൂപതയിലെ വിമത വൈദികരുടെ നിയമവിരുദ്ധ വിശുദ്ധ കുർബാനയർപ്പണം ശിക്ഷാർഹമായ കുറ്റമായി മാറുന്നത് 2024 ജൂലൈ 3 മുതലാണെന്നാണ് 2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിൽനിന്ന് നാം മനസ്സിലാക്കേണ്ടത്. അതായത്, ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന നിയമലംഘനങ്ങളെ ശിക്ഷിക്കുവാൻ സഭാധികാരികൾ ഉദ്ദേശിക്കുന്നില്ല എന്ന് സാരം. 2024 ജൂലൈ 3-ാം തീയതിക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ട്. 2000 ജൂലൈ 3-ാം തീയതി ഏകീകൃത വിശുദ്ധ കുർബാനയർപ്പണം എല്ലാ സീറോ-മലബാർ രൂപതകളിലും നടപ്പിലാക്കണമെന്ന സീറോ-മലബാർ സിനഡിന്റെ 1999-ലെ കല്പന കഴിഞ്ഞ് 24 വർഷങ്ങളിലെ പരിശ്രമങ്ങൾക്കുശേഷമാണ് ശിക്ഷാനടപടികളിലൂടെ ആ തീരുമാനത്തിന്റെ സമ്പൂർണ്ണമായ നടപ്പിലാക്കലിന് സഭാധികാരികൾ തുനിഞ്ഞിരിക്കുന്നത്. ക്ഷമയുടെ നെല്ലിപ്പലകയും കണ്ടശേഷമെന്നോ, ഏഴു വീതം 70 തവണ ക്ഷമിച്ച ശേഷമെന്നുമോ ഈ ദീർഘകാലത്തെ പരിശ്രമശ്രമങ്ങളെ വിശേഷിപ്പിക്കാം എന്ന് തോന്നുന്നു. 2024 ജൂലൈ 3-ാം തീയതിയെങ്കിലും മാനസാന്തരപ്പെട്ട് ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയിലേക്ക്

തിരിയുന്നവർക്ക് ശിക്ഷയുണ്ടാവുകയില്ല എന്ന സംയുക്ത സർക്കുലറിലെ തീരുമാനം 2024 മെയ് 13-ാം തീയതി ഫ്രാൻസിസ് മാർപാപ്പ മനസ്തപിച്ച് വരുന്ന ധൂർത്തപുത്രന് വാതിൽ തുറന്നു കൊടുക്കണമെന്നുള്ള നിർദ്ദേശത്തിന്റെ സ്വീകരണമായാണ് കാണേണ്ടത്.

**4. വൈദികർ മാത്രമോ ശീശ്മയിൽപ്പെടുക?**

കത്തോലിക്കാസഭയുടെ കാനൻ നിയമമനുസരിച്ച് ശീശ്മ, പാഷണ്ഡത എന്നീ കുറ്റങ്ങൾ വൈദികർ മാത്രം ചെയ്യുന്ന കുറ്റങ്ങളായല്ല കരുതപ്പെട്ടിരിക്കുന്നത്; പ്രത്യുത, സന്യസ്തരും അല്മായരും ഈ കുറ്റങ്ങൾ ചെയ്യുവാനുള്ള സാധ്യതയുണ്ട്. അതിനാൽത്തന്നെ, സന്യസ്തരെയും അത്മായരെയും മഹറോൻ ശിക്ഷമൂലം ശിക്ഷിക്കാനുമാകും. എന്നാൽ, ഒരാൾ ശീശ്മയിൽ നിപതിച്ചുവെന്ന് നൈയാമികമായി ഉറപ്പുവരുത്തുന്നതിന്, അയാൾക്ക് തത്സംബന്ധിയായ മുന്നറിയിപ്പ് നൽകിയിട്ടും വീണ്ടും ആ വിശ്വാസി അനുസരണക്കേടിൽ തുടരുമ്പോൾ മാത്രമാണ്. അതായത്, വ്യക്തിപരമായ ശിക്ഷിക്കപ്പെടുമെന്നുള്ള മുന്നറിയിപ്പോ (penal precept) അല്ലെങ്കിൽ ഏറ്റവും കുറഞ്ഞത് പരസ്യപ്പെടുത്തിയ ഒരു സർക്കുലറിലൂടെയുള്ള ഒരു മുന്നറിയിപ്പോ നൽകാതെ, ഒരാളെ ശീശ്മ എന്ന കുറ്റത്തിൽ വീണതായി കരുതാനാവുകയില്ല. അതിനാൽത്തന്നെ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും കൂരിയായും അല്മായരെയും സന്യസ്തരെയും ശിക്ഷിക്കുവാനുദ്ദേശിക്കുന്നുവെങ്കിൽ, അതിനുതകുന്ന പീനൽ പ്രീസെപ്റ്റുകൾ നൽകേണ്ടതായുണ്ട്. ഇങ്ങനെയുള്ള ശിക്ഷിക്കപ്പെടുമെന്നുള്ള മുന്നറിയിപ്പിനെ 1437-ാം കാനോനയിൽ പ്രതിപാദിച്ചിരിക്കുന്ന നിയമാനുസൃതമായ താക്കീതായാണ് കരുതുക.

2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിലെ അന്ത്യശാസനം വൈദികരെ സംബന്ധിച്ചിടത്തോളമുള്ള 1437-ാം കാനോനയിൽ പറഞ്ഞിരിക്കുന്ന നിയമാനുസൃതമായ താക്കീതായി കണക്കാക്കാമോ എന്ന ചോദ്യവും പ്രസക്തമാണ്. ശിക്ഷാനിയമങ്ങളുടെ വ്യാഖ്യാനത്തിലും ശിക്ഷിക്കുന്നതിലും "കൂടുതൽ ദാക്ഷണ്യപൂർവകമായ വ്യാഖ്യാനം നടത്തേണ്ടതാണ്" എന്നുള്ള 1404-ാം കാനോനയുടെ ഒന്നാം ഖണ്ഡിക പരിഗണിക്കുമ്പോൾ, സർക്കുലറിൽ ഇത് 1437-ാം കാനോനയനുസരിച്ചുള്ള നിയമാനുസൃതമായ താക്കീതായി കരുതണമെന്ന് വ്യക്തമായി പറയാത്തത് കൊണ്ടുതന്നെ, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററോ മേജർ ആർച്ച് ബിഷപ്പ് തന്നെയോ എത്രയും നേരത്തെ, അതായത്, ജൂലൈ 3-ാം തീയതിക്ക് മുമ്പുതന്നെ ഓരോ വൈദികനേയും 1406-ാം കാനോനയുടെ രണ്ടാം ഖണ്ഡിക പ്രകാരമുള്ള വ്യക്തിഗത പ്രമാണം (penal precept) വഴി ഇക്കാര്യത്തിൽ ഒരുതവണകൂടി മുന്നറിയിപ്പ് നൽകുന്നതും പ്രസ്തുത വിവരം എറണാകുളം മിസ്സത്തിലൂടെ എല്ലാവരെയും അറിയിക്കുകയും ചെയ്യുന്നതാണ് കൂടുതൽ അഭികാമ്യം. ഈ പശ്ചാത്തലത്തിൽ, നിയമവ്യാഖ്യാന സംബന്ധിയായ തത്വങ്ങളിൽ (Hermeneutical principles) 1512-ാം കാനോനയിൽ വ്യക്തമാക്കിയിരിക്കുന്ന "ക്ലിപ്താർത്ഥത്തിലുള്ള വ്യാഖ്യാന" (strict interpretation) മാണ് ശിക്ഷകൾകൊണ്ട് ഭീഷണിപ്പെടുത്തുന്ന അവസരങ്ങളിൽ ഉപയോഗിക്കേണ്ടത്, എന്ന കാര്യവും വിസ്മരിക്കുവാനാവില്ല (cf. CCEO c.1512, §2). ഇതിനോടൊപ്പം തന്നെ ഓർമ്മിക്കേണ്ട മറ്റൊരു വസ്തുത, പൗരസ്ത്യ കാനൻ നിയമത്തിൽ, ലത്തീൻ സഭയിലെ കാനൻ നിയമത്തിലേതുപോലെ, latae sententiae ശിക്ഷകൾ, അഥവാ ഓട്ടോമാറ്റിക് ശിക്ഷകൾ ഇല്ല എന്നതുമാണ് (cf. CCEO c.1408). എന്നാൽ, ആനുകാലികമായ ശീശ്മയുടെ പശ്ചാത്തലത്തിൽ, റോമാ മാർപാപ്പയ്ക്ക് പ്രസ്തുത ശിക്ഷാരീതി സീറോ-മലബാർ സഭയിൽ നടപ്പിലാക്കുന്നത് ആത്മാക്കളുടെ രക്ഷയ്ക്കുതകുമെന്ന് കരുതുന്നപക്ഷം അങ്ങനെ ചെയ്യാവുന്നതുമാണ്. എന്നാൽ സീറോ-മലബാർ സിനഡ് രേഖാമൂലം ആവശ്യപ്പെടാതെ പരിശുദ്ധ മാർപാപ്പ അങ്ങനെയൊരു തീരുമാനമെടുക്കുമെന്ന് കരുതാനുമാവില്ല. അതിനാൽത്തന്നെ, ഇപ്പോഴത്തെ നിയമവ്യവസ്ഥ തുടരുന്നിടത്തോളംകാലം, വലിയ മഹറോൻ ശിക്ഷവഴി ഒരാളെ ശിക്ഷിക്കുന്നതിന് 1471 മുതൽ 1482 വരെയുള്ള കാനോനകൾ പാലിക്കേണ്ടിയിരിക്കുന്നു. എന്നാൽ 1473 കാനോനയനുസരിച്ചുള്ള നിയന്ത്രണങ്ങൾ 2024 ജൂലൈ 4-ാം തീയതി തന്നെ, അനുസരണക്കേടിൽ തുടരുന്നവരുടെമേൽ ഏർപ്പെടുത്തുവാൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർക്ക് കഴിയും.

**5. സീറോ-മലബാർ സഭയിൽനിന്നുള്ള പുറത്താക്കൽ കത്തോലിക്കാസഭയിൽനിന്നുള്ള പുറത്താക്കൽ തന്നെ**

2024 ജൂലൈ 3-ാം തീയതിക്ക് ശേഷവും അനുസരിക്കാതെ ശീശ്മയിൽ തുടർന്നുകൊണ്ട് വലിയ മഹറോൻ ശിക്ഷ സ്വീകരിക്കുവാനൊരുങ്ങുന്ന വിമതർ മനസ്സിലാക്കേണ്ട ഒരു കാര്യം, വലിയ മഹറോൻ ശിക്ഷയിലായിരിക്കുന്നിടത്തോളം കാലം അവർ സീറോ-മലബാർ സഭയിൽനിന്ന് മാത്രമല്ല, പ്രത്യുത, കത്തോലിക്കാസഭയിൽനിന്ന് മുഴുവനായും പുറത്താകുമെന്നതാണ്. മറ്റൊരുവാക്കിൽ പറഞ്ഞാൽ, കത്തോലിക്കാസഭയിലെ ഒരു വിശ്വാസിയുടെ അംഗത്വം മാർപാപ്പയാൽ അംഗീകരിച്ച ഏതെങ്കിലും ഒരു സ്വയംഭരണാധികാരസഭയിലൂടെ മാത്രമാണ്. അതിനാൽത്തന്നെ, സീറോ-മലബാർ സഭയിൽനിന്നും വലിയ മഹറോൻ ശിക്ഷയിലൂടെ പുറത്താക്കപ്പെട്ട ഒരു വ്യക്തി, ആ ശിക്ഷയിൽനിന്ന് മോചനം

ലഭിക്കുന്നതുവരെ കത്തോലിക്കനായിട്ട് കരുതുവാൻ കാനൻ നിയമം അനുവദിക്കുന്നില്ല. എന്നാൽ, വലിയ മഹറോൻ ശിക്ഷ പൗരസ്ത്യ കാനോന സംഹിതയുടെ കാഴ്ചപ്പാടിൽ ഒരു രോഗത്തിനുള്ള ചികിത്സ എന്ന രീതിയിൽ (medicinal penalty) ആണ് കണക്കാക്കപ്പെടുന്നത്. അതിനാൽ, കുറ്റം ചെയ്ത വ്യക്തി ആത്മാർത്ഥമായി അനുപിക്കുകയും അതോടൊപ്പംതന്നെ ആ കുറ്റം മൂലമുണ്ടായ ഉതപ്പും ഉപദ്രവവും പരിഹരിക്കുവാനുള്ള സംവിധാനങ്ങൾ ചെയ്യപ്പെട്ട് കഴിയുകയും ചെയ്യുന്ന സാഹചര്യത്തിൽ, കുറ്റവാളിയുടെ ശിക്ഷയിൽ ഇളവ് അനുവദിക്കുവാനോ ശിക്ഷ റദ്ദ് ചെയ്യുവാനോ ശിക്ഷ വിധിച്ച അധികാരിക്കോ അദ്ദേഹത്തിന്റെ ഉന്നതാധികാരിക്കോ സാധിക്കും (cf. CCEO c.1424, §1).

**6. വലിയ മഹറോൻ ശിക്ഷയിൽപ്പെട്ടവരുടെ കത്തോലിക്കാസഭയിലെ സ്വത്തിലും സ്ഥാപനങ്ങളിലുമുള്ള അവകാശം**

ഇടവക ദേവാലയം തുടങ്ങി ഇടവകയുടെ സ്ഥാവരജംഗമ വസ്തുക്കളുടെ ഉടമസ്ഥാവകാശം രൂപതാ മെത്രാനോ മാർപാപ്പയ്ക്കോ അല്ല; പ്രത്യുത, ആ ഇടവകയിലെ കത്തോലിക്കാവിശ്വാസികൾക്കാണ്. ഉടമസ്ഥാവകാശത്തെപ്പറ്റി പറയുമ്പോൾ നാല് കാര്യങ്ങളാണ് പ്രസക്തമായിട്ടുള്ളത്. അവ വസ്തുവിന്റെ വാങ്ങൽ, കൈവശംവയ്ക്കൽ, അവ വിനിയോഗിക്കൽ, അതിന്റെ വിൽപ്പന എന്നിവയാണ് (acquire, possess, administer and alienate). ഇടവക ഒരു നൈയാമിക വ്യക്തി ആയതുകൊണ്ട് ഓരോ ഇടവകയുടെയും പൊതുയോഗത്തിന് കാനൻ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിക്കൊണ്ട് ഇടവകയുടെ സ്വത്തിൽ മുകളിൽ പറഞ്ഞ നാല് കാര്യങ്ങളും ചെയ്യാവുന്നതാണ്. എന്നാൽ, കത്തോലിക്കാ സഭയുടെ കാനൻ നിയമമനുസരിച്ച് ഒരു ഇടവകയും ഒരു കമ്പനി അല്ല; അതിനാൽത്തന്നെ, ഇടവകാംഗങ്ങൾ ഷെയർ ഹോൾഡേഴ്സുമല്ല. ഒരു വിശ്വാസി ഒരു ഇടവകയിൽ നിന്ന് മറ്റൊരു ഇടവകയിലേക്ക് മാറി പോകുമ്പോൾ ആദ്യത്തെ ഇടവകയിലെ അംഗത്വം നഷ്ടപ്പെടുന്നതുപോലെ തന്നെ, വലിയ മഹറോൻ ശിക്ഷയിലൂടെ കത്തോലിക്കാസഭയിലെ അംഗത്വം നഷ്ടപ്പെടുമ്പോഴും ഇടവകയിലെ അംഗത്വം നഷ്ടപ്പെടും. കാരണം, ഇടവകയിലെ അംഗത്വം കത്തോലിക്കർക്ക് മാത്രമുള്ളതാണ്. അതിനാൽ തന്നെ, വിമതരുടെ, കത്തോലിക്ക ദൈവാലയങ്ങളും അനുബന്ധ സ്ഥാപനങ്ങളും സ്വത്തും പിടിച്ചെടുക്കാമെന്നുള്ള, സ്വപ്നം നൈയാമികമായി ഒരിക്കലും നടക്കാത്ത ഒരു വ്യാമോഹം മാത്രമായിരിക്കാനാണ് സാധ്യത. കത്തോലിക്കാസഭയുടെ സ്വത്ത് കത്തോലിക്കർക്ക് എന്ന് വിധിക്കാനേ സിവിൾ കോടതികൾക്കും സാധിക്കുകയുള്ളൂ. എന്നാൽ, ഇതിൽനിന്നും വ്യത്യസ്തമാണ് രജിസ്റ്റേർഡ് ട്രസ്റ്റുകളുടെയും സൊസൈറ്റികളുടെയും കാര്യം. അതിനാൽത്തന്നെ, വിമതർ അങ്ങനെയുള്ളവ പിടിച്ചെടുക്കാതിരിക്കുവാൻ മാർപാപ്പയോടും സിനഡിനോടും ചേർന്നുനിൽക്കുന്ന വിശ്വാസികൾ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. അതോടൊപ്പംതന്നെ, ഉത്തരവാദിത്തപ്പെട്ട മേലധികാരികൾ ഉചിതമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടിയുമിരിക്കുന്നു.

**7. ശീശ്മക്കാരോട് ചേർന്നുനിൽക്കുന്ന സന്യസ്തർക്ക് എന്ത് സംഭവിക്കും?**

ശീശ്മക്കുറ്റത്തിന് വലിയ മഹറോൻ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട വൈദികരുടെ വിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കെടുക്കുന്നത് നിയമലംഘനം തന്നെയാണ്. കത്തോലിക്കാസഭയിൽനിന്ന് പുറത്താക്കപ്പെട്ടവരെ വിളിച്ച് സ്വന്തം സന്യാസഭവനങ്ങളിൽ ബലിയർപ്പിക്കുവാൻ അനുവദിക്കുന്ന സന്യാസ ഭവനാധികാരികളും ആ വിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കെടുക്കുന്ന സന്യസ്തരും മറ്റ് അൽമായവിശ്വാസികളും ചെയ്യുന്നത് ഗൗരവതരമായ തെറ്റാണെങ്കിലും അത് ശീശ്മയെന്ന കുറ്റമായി മാറണമെങ്കിൽ മേജർ ആർച്ച് ബിഷപ്പോ അപ്പോസ്തോലിക് അഡ്മിനിസ്ട്രേറ്ററോ, അങ്ങനെയുള്ള നിയമലംഘനത്തിൽനിന്ന് വിട്ടുനിൽക്കണമെന്നും പ്രസ്തുത നിയമലംഘനത്തെ ശീശ്മ എന്ന കുറ്റമായി കണക്കാക്കി വലിയ മഹറോൻ ശിക്ഷകൊണ്ട് ശിക്ഷിക്കുമെന്നുമുള്ള പീനൽ പ്രീസെപ്റ്റ് നൽകേണ്ടതായിട്ടുണ്ട്. എന്നാൽ, അതിന്റെ അഭാവത്തിലും ഗൗരവതരമായ നിയമലംഘനത്തിന് സന്യാസസഭയിൽ നിന്നുള്ള ഡിസ്മിസ്സൽ തുടങ്ങിയുള്ള മറ്റ് ശിക്ഷാനടപടികളോ അച്ചടക്ക നടപടികളോ സ്വീകരിക്കുവാൻ സന്യാസസഭയുടെ പൊതു ഭരണാധികാരികൾക്കും പ്രവിശ്യാ ഭരണാധികാരികൾക്കും സാധിക്കും.

**ഉപസംഹാരം**

ഫ്രാൻസിസ് മാർപാപ്പ തന്റെ 2024 മെയ് 13-ാം തീയതിയിലെ സീറോ-മലബാർ സഭാംഗങ്ങൾക്കായി നൽകിയ സന്ദേശത്തിൽ സൂചിപ്പിച്ച, പശ്ചാത്തപിച്ച് തിരിച്ചുവരുന്ന വിമതർക്കായി തുറന്നിട്ട വാതിൽ 2024 ജൂലൈ 4-ാം തീയതി അടയുന്നതിനുമുമ്പായി, വിമത നേതാക്കളുടെ വിഷലിപ്തവും തെറ്റിദ്ധാരണാജനകവുമായ പഠനങ്ങളിൽനിന്നും ദുഷ്പ്രചാരണങ്ങളിൽനിന്നും അവരുടെ പിറകിൽ ഇപ്പോൾ നിലകൊണ്ടിരിക്കുന്ന നിഷ്കളങ്കരായ അനേകായിരങ്ങളെ പിൻതിരിപ്പിച്ച് അവരെ സത്യത്തിന്റെ പാതയിലേക്കും മാർപാപ്പയുടെ ഭരണത്തിൻകീഴിലേക്കും തിരിച്ചുകൊണ്ടുവരുവാൻ എല്ലാ സഭാസ്നേഹികളും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു. മാർപാപ്പയുടെയും സിനഡിന്റെയും

മേജർ ആർച്ച് ബിഷപ്പിന്റെയും ഭരണത്തിൻകീഴിലല്ലാതെ സീറോ-മലബാർ തനയർക്ക് കത്തോലിക്കാസഭയിൽ തുടരാനാവില്ല എന്നുള്ള നഗ്നസത്യം ആർജ്ജവത്തോടെ വിളിച്ചുപറയുവാൻ സിനഡ് പിതാക്കന്മാർ തുടങ്ങി, ധ്യാനഗുരുക്കന്മാരുൾപ്പെടെ, സന്യസ്തരും അല്മായ നേതാക്കളും രംഗത്തിറങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പത്രപ്രസ്താവനകളും ടിവി ചർച്ചകളും അഭിവന്ദ്യ പിതാക്കന്മാരുടെ നേതൃത്വത്തിൽ ഈ വിഷയത്തിൽ ആരംഭിക്കുവാൻ അഭിവന്ദ്യ പിതാക്കന്മാരും ശാലോം, ഗുഡ്നെസ്സ്, ഷെക്കീനാ തുടങ്ങിയ ടെലിവിഷൻ ചാനലുകളും അലസത വെടിഞ്ഞ് രംഗത്തെത്തേണ്ട സമയം തുലോം അതിക്രമിച്ചിരിക്കുന്നു എന്നുതന്നെ പറയാം. വരാൻപോകുന്ന വിപത്തിനെ എങ്ങനെയാണ് നേരിടാൻ പോവുക എന്നതിനൊരു വിശദമായ പ്ലാനും പദ്ധതിയും 2024 ജൂൺ 19-ാം തീയതിയിലെ സീറോ-മലബാർ മെത്രാൻ സിനഡ് തയ്യാറാക്കിക്കഴിഞ്ഞു എന്ന് നമുക്ക് പ്രതീക്ഷിക്കാം.

യാതൊരു ശീശ്മയും സഭയാകുന്ന നൗകയെ മുക്കുവാനോ തകർക്കുവാനോ ഇടവരാത്ത രീതിയിൽ സഭാനിയമങ്ങൾ അനുശാസിക്കുന്ന രീതിയിലുള്ള ശിക്ഷാനടപടികളിലൂടെ കുറ്റത്തിൽ തുടരുന്നവരെ ശിക്ഷിച്ചുകൊണ്ടും മനസ്തപിച്ച് തിരിച്ചുവരുന്നവരെ ചേർത്തുപിടിച്ചുകൊണ്ടും ശീശ്മക്കാർ സഭാസ്ഥാപനങ്ങൾ പിടിച്ചെടുക്കാതിരിക്കുവാൻ വേണ്ട എല്ലാ നൈയാമിക നടപടികളും സ്വീകരിച്ചുകൊണ്ടും നമ്മുടെ സഭാനേതൃത്വം സ്വയംഭരണാധികാരം വിനിയോഗിക്കുവാനുള്ള പക്വത നേടിയിട്ടുണ്ട് എന്ന് മാലോകരെ അറിയിക്കുവാനുള്ള സമയമാണിപ്പോൾ.

ആസന്നമായിരിക്കുന്ന ശീശ്മസംബന്ധിയായ മഹറോൻ ശിക്ഷാനടപടിക്രമങ്ങളുടെ പശ്ചാത്തലത്തിൽ ഉയർന്നുവന്നിരിക്കുന്ന രണ്ടുമൂന്ന് പ്രസക്തമായ ചോദ്യങ്ങൾക്ക്കൂടി ചുരുക്കമായി മറുപടി നൽകേണ്ടതുണ്ട് എന്ന് തോന്നുന്നു. അതിൽ ഒന്നാമത്തേത്, ഇത്രയും ചെറിയ ഒരു റൂബ്രിക്സിന്റെ ലംഘനത്തിന് ഇത്രയും വലിയ മഹറോൻശിക്ഷ ആവശ്യമുണ്ടോ എന്നതാണ്. രണ്ട് വസ്തുതകളാണ് ഈ പശ്ചാത്തലത്തിൽ വിശദീകരിക്കുവാനുള്ളത്: ആദ്യത്തേത്, മഹറോൻശിക്ഷ ഒരു മരുന്നായാണ് കണക്കാക്കപ്പെടുന്നത് - രോഗത്തിനുള്ള മരുന്ന്. അനുസരണക്കേടാണ് രോഗം. വെറും അനുസരണക്കേടല്ല; പ്രത്യുത, മാർപാപ്പയോടുള്ള അനുസരണക്കേട്. അതും മാർപാപ്പ നേരിട്ട് വീഡിയോ സന്ദേശം വഴിയും രണ്ട് കത്തുകൾവഴിയും ആവശ്യപ്പെട്ടിട്ടും, അതുപോലെ തന്റെ പ്രതിനിധി സിറിൽ വാസിൽ പിതാവ് വഴിയും (17 ആഗസ്റ്റ് 2023), അതുപോലെതന്നെ പൗരസ്ത്യ കാര്യാലയം വഴിയും (7 ഡിസംബർ 2023) കൽപ്പിച്ചിട്ടും അനുസരിക്കാതെ, ആലയിൽ കയറാൻ തയ്യാറാകാതെ നിൽക്കുന്ന ആട്ടിൻപറ്റത്തെ, അകത്തുകയറിയില്ലെങ്കിൽ, പുറത്താണ് നിൽക്കുന്നതെന്ന് മാലോകരെ അറിയിക്കുമെന്നുള്ള മുന്നറിയിപ്പ് കിട്ടിയിട്ടും കൂസാക്കാതെ നിൽക്കുന്നവരെ, അവസാന ശ്രമമെന്ന നിലയിൽ ശിക്ഷയിലൂടെ നന്നാക്കുവാനുള്ള ശ്രമമാണ് ഈ മഹറോൻശിക്ഷ. വിമതരെ ന്യായീകരിക്കുന്നവർ പറയുന്നത് റൂബ്രിക്സിന്റെ ലംഘനം ഒരു വലിയ കാര്യമാക്കേണ്ടതില്ല എന്നതാണ്. അത്ര ചെറിയ കാര്യമാണെങ്കിൽ പിന്നെ, വിമതർ അത് അങ്ങ് അനുസരിച്ച് കത്തോലിക്കാകൂട്ടായ്മയിൽ മാർപാപ്പയുടെ കീഴിൽ നിന്നാൽ പോരേ? എന്തിന് അനുസരണക്കേടിൽ തുടരണം? അവർക്ക് ഇനിയും സമയമുണ്ട് അനുസരിക്കുവാൻ: 2024 ജൂലൈ 3-ാം തീയതി വരെ. അവരോട് അനുസരിക്കുവാൻ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം അധാർമ്മികമായ യാതൊന്നുമല്ലതാനും. അതുപോലെ കത്തോലിക്കാ വിശ്വാസത്തിന് എതിരുള്ള ഒന്നും ആ ആവശ്യത്തിലില്ലതാനും. മാർപാപ്പ പറഞ്ഞാലും താൻ അനുസരിക്കുകയില്ല എന്ന അനുസരണക്കേടിലും ദുർവാശിയിലും തുടരുന്നവരെ പിന്നെ എന്താണ് ചെയ്യേണ്ടത്? ഓരോരുത്തരും അവർക്ക് ഇഷ്ടമുള്ളതുപോലെ ജീവിക്കാമെന്നും മാർപാപ്പയെയോ സഭാധികാരികളെയോ ആരും അനുസരിക്കേണ്ട എന്നും മാർപാപ്പ പ്രഖ്യാപിക്കണമോ? നിയമവാഴ്ചയില്ലാതെ ഒരു സമൂഹത്തിനും ഒരു സംഘടനയ്ക്കും നിലനിൽപ്പില്ല എന്ന വസ്തുത നാം മറന്നുകൂടാ. അടുത്ത കാര്യം, മഹറോൻശിക്ഷ ഒരു ലക്ഷ്യമോ അന്ത്യമോ അല്ല, പ്രത്യുത, ഒരു മാർഗ്ഗം മാത്രം. തെറ്റിനെപ്പറ്റി പശ്ചാത്തപിച്ച് തിരിച്ചുവരുന്നവർക്ക് പ്രായശ്ചിത്തം നിർവഹിച്ച് സഭയുടെ കൂട്ടായ്മയിലേക്ക് തിരിച്ച് പ്രവേശിക്കുവാൻ സഭാമാതാവ് അവസരം നൽകുന്നുമുണ്ട്.

ജനാഭിമുഖ കുർബാനയ്ക്കുവേണ്ടി മരിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ചവരും അൾത്താരയിലേക്ക് തിരിയേണ്ടിവന്നാൽ വൈദികവൃത്തി ഉപേക്ഷിച്ച് കപ്പലണ്ടി വിൽപ്പനക്കും ചായക്കട നടത്തുന്നതിനും പോകുമെന്ന് പറഞ്ഞവരുമായ വിമതവൈദികർ പറയാതെ പറയുന്ന ഒരു കാര്യമിതാണ്: അവരെ സംബന്ധിച്ചിടത്തോളം വിശുദ്ധ കുർബാനയർപ്പണം ദൈവാരാധനയല്ല; പ്രത്യുത, വെറുമൊരു നാടകം മാത്രം; ഒരു സ്റ്റേജ് ഷോ മാത്രം. നാടകത്തിൽ അഭിനയിക്കുന്നവർ കാണികളെ തങ്ങളുടെ മുഖഭാവത്തിലൂടെ, ഭാവാഭിനയത്തിലൂടെയാണ് തങ്ങളുടെ നാടകസന്ദേശത്തിലേക്ക് നയിക്കുന്നത്. അവർക്ക്, ജനങ്ങളുടെ നേരെനിന്ന് മുഖംതിരിക്കുന്നതിനെപ്പറ്റി ആലോചിക്കുവാനേ സാധ്യമല്ല. എന്നാൽ വിശുദ്ധ കുർബാനയിലെ ബലിയർപ്പണഭാഗം, ദൈവജനത്തോടൊപ്പം ചേർന്ന്, ദൈവജനത്തിന്റെ പ്രതിനിധിയായി, അവരിലൊരുവനായി, അവരുടെ നേതാവായി, ദൈവപിതാവിനർപ്പിക്കുന്ന ക്രിസ്തുവിന്റെ ഏകബലിയാണെന്നുള്ള ദൈവശാസ്ത്രവീക്ഷണം അവർക്ക് കിട്ടാത്തതാണ് ഈ വാശി

പിടിക്കലിന്റെയും അനുസരണക്കേടിന്റെയും മൂലകാരണം. കൂടാതെ ദേവാലയത്തിന്റെ കിഴക്കേ ഭിത്തിയിൽ കുടിയിരുത്തിയിരിക്കുന്ന കൽദായദേവൻ എന്നൊക്കെ ഇവർ ഭർസിക്കുമ്പോൾ മനസ്സിലാകുന്ന മറ്റൊരുകാര്യം ഇവർ വിശുദ്ധ കുർബാനയർപ്പിക്കുവാനല്ലാതെ പള്ളിയിൽ പ്രവേശിക്കാറില്ല എന്നതുതന്നെ. ആരും പള്ളിയിലില്ലാത്തപ്പോൾ ഇവർ പള്ളിയിൽ പ്രവേശിച്ചിരുന്നുവെങ്കിൽ അവർ തലകുമ്പിടുന്നതും പ്രാർത്ഥിക്കുന്നതും മദ്ബഹയിലേക്ക് നോക്കി ആവുമായിരുന്നല്ലോ; അല്ലാതെ ജനങ്ങൾക്കായി വേർതിരിച്ചിട്ടിരിക്കുന്ന ദേവാലയ ഭാഗത്തേക്ക് നോക്കിയാവില്ലല്ലോ. ഇവരുടെയൊക്കെ കുടുംബങ്ങളിലെ വൈകുന്നേരങ്ങളിലെ കുടുംബപ്രാർത്ഥന ചൊല്ലുന്നത് വീടിന്റെ ഭിത്തിയിൽ പ്രതിഷ്ഠിച്ചിരിക്കുന്ന തിരുഹൃദയത്തിന്റെയും തിരുക്കുടുംബത്തിന്റെയും പ്രതിമകൾക്കും ഫോട്ടോകൾക്കും നേരെ നോക്കിക്കൊണ്ടാണോ, അഥവാ മനുഷ്യനാണ് ദൈവമെന്ന് പരസ്യമായി പ്രഖ്യാപിച്ച വിമതനേതാവിന്റെ പഠനങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പരസ്പരം കണ്ണുകളിൽ നോക്കിക്കൊണ്ടാണോ എന്നതും പ്രസക്തമായ ചോദ്യം തന്നെ. പള്ളിയിലെ കുരിശിന്റെ വഴിയുടെ സമയത്ത് ഭിത്തിയിലേക്ക് തിരിയുവാൻ മടിയില്ലാത്ത വിമത പുരോഹിതർക്ക് വിശുദ്ധ കുർബാനയർപ്പണസമയത്ത് ഒരു നിശ്ചിത സമയം അൾത്താരയിലേക്ക് ജനങ്ങളോടൊപ്പം തിരിയണമെന്ന് പറയുന്നത് അനുസരിക്കുവാനാവാത്തത് അവർ ഈ വിശുദ്ധ കുർബാനയർപ്പണത്തെ വെറുമൊരു നാടകാവതരണം മാത്രമായി കാണുന്നതുകൊണ്ടാണെന്ന് പറയാതെ വയ്യ.

രണ്ടാമത്തെ പരാതി, മഹറോൻശിക്ഷ മധ്യശതകങ്ങളിലെ രീതിയാണ് എന്നതാണ്. കത്തോലിക്കാ സഭയുടെ നിയമസംഹിതകൾ രൂപപ്പെട്ടുവന്ന കാലത്ത് മുതൽ ഇന്നുവരെ കത്തോലിക്കാസഭയിൽ നൂറ്റാണ്ടുകളായി നിലനിന്നിരുന്നതും ഇന്നും അഭംഗുരം തുടരുന്നതുമായ ശിക്ഷയാണ് മഹറോൻശിക്ഷ അഥവാ excommunication. അതിന്റെയർത്ഥം കൂട്ടായ്മയിൽനിന്ന് (communion) പുറത്താക്കൽ എന്നതാണ്. കത്തോലിക്കാസഭയിൽ ഒരാൾക്ക് തുടരണമെങ്കിൽ ആ വ്യക്തി കത്തോലിക്കാസഭയുടെ വിശ്വാസവും കത്തോലിക്കാസഭയുടെ കൂദാശകളും മുറുകെ പിടിക്കുന്നതോടൊപ്പംതന്നെ കത്തോലിക്കാ സഭയുടെ ദൃശ്യതലവനായ പരിശുദ്ധ മാർപാപ്പയെയും അദ്ദേഹത്തിന്റെ സഹശുശ്രൂഷികളായ മെത്രാന്മാരെയും അവരുടെ ഭരണത്തെയും അംഗീകരിക്കുകയും അനുസരിക്കുകയും വേണം. കൂട്ടായ്മയിൽനിന്ന് ബോധപൂർവം പുറത്തുപോവുകയും "പുറത്താണ്, അതിനാൽ തിരിച്ചു വരണം, തെറ്റ് തിരുത്തണം" എന്ന് ആവശ്യപ്പെട്ടിട്ടും തെറ്റ് തിരുത്തി അകത്തു കയറാതിരിക്കുകയും ചെയ്യുന്നവരെ, അവർ പുറത്താണ് എന്നുപറഞ്ഞ് ശിക്ഷിക്കുന്നതാണ് വലിയ മഹറോൻശിക്ഷ (major excommunication). വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കാലത്ത് 1988 ൽ ഫ്രഞ്ച് കർദ്ദിനാൾ ലെഫേബ്രർ (Cardinal Marcel Joseph Lefebvre) ഉൾപ്പെടെ 2024 ജൂൺ മാസത്തിൽ സ്പെയിനിൽ ചില സന്യാസിനികളിൽവരെ എത്തിനിൽക്കുന്നു സമകാലീന കാലഘട്ടത്തിലെ മഹറോൻശിക്ഷകൾ. ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന 2024 ജൂൺ 20-ാം തീയതി വത്തിക്കാനിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു വാർത്ത ആർച്ച് ബിഷപ്പ് കാർളോ മരിയ വിഗാനോ (Carlo Maria Vigano) ശീശ്മയെന്ന കുറ്റത്തിന് വിചാരണ ചെയ്യപ്പെടാൻ പോകുന്നുവെന്നതും കുറ്റം തെളിഞ്ഞാൽ അദ്ദേഹത്തെ മഹറോൻശിക്ഷയ്ക്ക് വിധേയമാക്കുമെന്നും അദ്ദേഹത്തിന്റെ പൗരോഹിത്യാന്തസ്സ് എടുത്തുകളയുമെന്നതുമാണ്.

വിശദീകരണം ആവശ്യമുള്ള മറ്റൊരു കാര്യം പൗരസ്ത്യസഭകളിൽ ഓട്ടോമാറ്റിക് ശിക്ഷകൾ (latae sententiae) ഇല്ലാത്തതിനാൽ ജൂലൈ 4-ാം തീയതിയും ഒന്നും സംഭവിക്കില്ല എന്നതാണ്. അത് ശരിയല്ല. നാലാം തീയതി മുതൽ സിനഡിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെയ്യുന്നതെല്ലാം വലിയ മഹറോൻശിക്ഷ കിട്ടുന്ന കുറ്റമാണ്. അതിനാൽത്തന്നെ, ബന്ധപ്പെട്ട അധികാരിക്ക് (hierarch) ഒരു കുറ്റവിചാരണ കോടതി സ്ഥാപിച്ച് കുറ്റാരോപിതനെതിരെ കുറ്റപത്രം പ്രസ്തുത പീനൽ ട്രൈബൂണലിൽ സമർപ്പിക്കുവാൻ നീതിസംരക്ഷകനോട് ആജ്ഞാപിച്ച ശേഷം 1473-ാം കാനോനയനുസരിച്ച് "അന്വേഷണ വിധേയമായ സസ്പെൻഷൻ" എന്ന് മലയാളത്തിൽ അറിയപ്പെടുന്ന, നൈയാമികമായി ശിക്ഷയായി പരിഗണിക്കാത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ കഴിയും. ഈ നിയന്ത്രണങ്ങൾ കുറ്റവിചാരണ അവസാനിച്ച് വിധി പ്രസ്താവത്തോടുകൂടി മാത്രമേ അവസാനിക്കൂ. ഈ നിയന്ത്രണങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് തീരുമാനിക്കുവാനുള്ള പൂർണ്ണ സ്വാതന്ത്ര്യം കുറ്റവിചാരണയ്ക്ക് ഉത്തരവിടുന്ന മേലധികാരിക്ക് ഉണ്ട്താനും. അതിനെതിരെയുള്ള അപ്പീലോ ഉന്നതാധികാരിയെ സമീപിക്കലോ (recourse), ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ സസ്പെൻഡ് ചെയ്യുകയുമില്ല. Administrative leave എന്ന് ഇംഗ്ലീഷിൽ അറിയപ്പെടുന്ന ഈ നിയന്ത്രണങ്ങൾ കുറ്റാരോപിതനെ പള്ളികളിൽ പ്രവേശിക്കുന്നതിൽനിന്നും കൂദാശകൾ പരികർമ്മം ചെയ്യുന്നതിൽനിന്നും പള്ളിമുറിയിൽ പ്രവേശിക്കുന്നതിൽ നിന്നുപോലും വിലക്കുന്നവ പോലുമാകാവുന്നതാണ്.

ഇതിനൊക്കെ പുറമേ, പൗരസ്ത്യ കാനോനസംഹിതയിലില്ലാത്ത എന്നാൽ പൗരസ്ത്യസഭകളുൾപ്പെടെ എല്ലാ കത്തോലിക്കാപുരോഹിതരെയും പുരോഹിതവൃത്തിയിൽനിന്നും പുരോഹിത ജീവിതാന്തസ്സിൽനിന്നും പുറത്താക്കാനുതകുന്നതുമായുള്ള പ്രത്യേക ശിക്ഷാനടപടിക്രമങ്ങൾ പരിശുദ്ധ

മാർപാപ്പ 2009 ൽ നടപ്പിൽ വരുത്തിയിട്ടുള്ളത് (Prot.N.0579/09 dated 31 March 2009) എറണാകുളം-അങ്കമാലി അതിരൂപതയിലെ ശീശ്മയുടെ ഗൗരവം പരിഗണിച്ച് ഉപയോഗിക്കുവാനും മേലധികാരിക്ക് സാധിക്കും. അസാധാരണമായ ആ നടപടിക്രമം ഉപയോഗിച്ച് സീറോ-മലബാറുകാരനായ ഒരു കേരള വൈദികനെ വത്തിക്കാൻ ഡിസ്മിസ്സ് ചെയ്തിട്ട് അധികവർഷങ്ങളായിട്ടില്ല താനും. അതിനാൽ, കുറ്റം ചെയ്താലും ശിക്ഷ വരാൻ താമസിക്കുമെന്നും ശിക്ഷിക്കപ്പെട്ടാലും വിവിധ തലങ്ങളിലെ അപ്പീലിലൂടെ രക്ഷപ്പെടാമെന്നും ചിന്തിക്കുന്നത് മൗഢ്യമാകാനാണ് സാധ്യത. 2009 ൽ നൽകപ്പെട്ട Faculty No. 2 വഴിയുള്ള ശിക്ഷ മഹറോൻശിക്ഷ അല്ല, പ്രത്യുത, കത്തോലിക്കാപൗരോഹിത്യത്തിൽ നിന്നുള്ള ഡിസ്മിസ്സൽ (deposition) ആയിരിക്കുമെന്ന് മാത്രം. ഈ ശിക്ഷ മാർപാപ്പ തന്നെ in forma specifica അംഗീകരിച്ചായിരിക്കും വരിക. അതിനാൽത്തന്നെ, ആ ശിക്ഷാവിധിക്കെതിരെ യാതൊരപ്പീലും നൈയാമികമായി നിലനിൽക്കുന്നതുമല്ല.

2021 ജൂലൈ 3-ാം തീയതിയിലെ ഫ്രാൻസിസ് മാർപാപ്പയുടെ കത്തിന്റെ മൂന്നാം വാർഷികമാണ് 2024 ജൂലൈ 3-ാം തീയതി. മൂന്ന് വർഷത്തെ വിവിധ തലങ്ങളിലെ ചർച്ചകൾക്ക് ശേഷവും വിമതർ തങ്ങളുടെ തീരുമാനത്തിൽ പാറപോലെ ഉറച്ചുനിൽക്കുമ്പോൾ, ഫ്രാൻസിസ് മാർപാപ്പ 2024 മേയ് 13-ാം തീയതി ആഹ്വാനം ചെയ്ത ചർച്ച, മനസ്തപിച്ച് തിരിച്ചുവന്ന് അനുസരിക്കുന്നവരെമാത്രം ചേർത്തുപിടിച്ചുകൊണ്ട് തുടരുന്നതാണ് ഉചിതം. അതുതന്നെയാണ്, അത് മാത്രമാണ്, പരിശുദ്ധമായ മാർപാപ്പ ആഹ്വാനം ചെയ്ത തുടർചർച്ച: പുനരൈക്യത്തിനായുള്ള ആഗ്രഹത്തോടെ തിരിച്ചുവരുന്ന മഹറോൻശിക്ഷയിൽ പ്പെട്ടവരോടും നാം ചർച്ച ചെയ്യണം. ഈ ലേഖനമെഴുതിക്കൊണ്ടിരിക്കുമ്പോൾ സിനഡിന്റെ തീരുമാനം അറിവായിട്ടില്ല. മനസ്താപത്തിന്റെ അല്ലെങ്കിൽ മാറ്റത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ചുതുടങ്ങിയ വിമതരെ ഇപ്പോൾത്തന്നെ സ്വീകരിക്കുകയും പ്രശ്നപരിഹാരത്തിനായിട്ട് ചർച്ചയിലൂടെ മാറ്റങ്ങൾ സാധിക്കുമെങ്കിൽ ശിക്ഷയിലേക്ക് കടക്കാതെ അതിനായി വീണ്ടും ശ്രമിക്കുകയും ചെയ്യുന്നത് ശരിയായ നടപടിയായി ഈ ലേഖകൻ കരുതുന്നു.

**വാൽകഷണം (Post Script)**

2024 ജൂൺ 21-ാം തീയതി, 2024 ജൂൺ 14-ാം തീയതിയും 19-ാം തീയതിയുമായി നടന്ന ഓൺലൈൻ മെത്രാൻ സിനഡിന്റെ തീരുമാനങ്ങൾ ''സിനഡാനന്തര അറിയിപ്പ്'' എന്ന തലക്കെട്ടിൽ പുറത്തിറങ്ങിയതിന്റെ പശ്ചാത്തലത്തിലാണ് ഈ പിൻകുറിപ്പ്. സിനഡാനന്തര അറിയിപ്പിന്റെ വെളിച്ചത്തിൽ, എഴുതിയ ലേഖനം പിൻവലിക്കേണ്ടതിന്റെയോ, മാറ്റി എഴുതേണ്ടതിന്റെയോ ആവശ്യമുണ്ടെന്ന് ഈ ലേഖകൻ കരുതുന്നില്ല. കാരണം, ലേഖനത്തിലെ കാനൻ നിയമ വിശദീകരണവും വ്യാഖ്യാനവും സഭയുടെ പഠനങ്ങളോട് ചേർന്ന് നിൽക്കുന്നവയായതുകൊണ്ട് തന്നെ. അതുപോലെ തന്നെ, സിനഡിന്റെ തീരുമാനങ്ങളിൽ ഒന്നാമത്തേത് ''റോമിലെ ഉന്നതാധികാര സമിതിയുടെ നിർദ്ദേശപ്രകാരം 2024 ജൂൺ 9 ന് നൽകിയ സർക്കുലർ സാധുവായി നിലനിൽക്കുന്നതാണ്" എന്നതുമാണ്.

എന്നാൽ, സിനഡിന്റെ നിർദ്ദേശങ്ങളിൽ രണ്ട് മുതൽ എട്ട് വരെയുള്ളവ, 2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിൽനിന്ന് വ്യത്യസ്തമായ ഒരു ഭാഷയും ചിന്താധാരയുമാണ് പ്രതിഫലിപ്പിച്ചിരിക്കുന്നത്. ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും ഒരു വിശുദ്ധ കുർബാനയെങ്കിലും നൈയാമികമായ രീതിയിൽ അർപ്പിക്കുന്ന പുരോഹിതർക്കെതിരായി ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന മെത്രാൻ സിനഡിന്റെ തീരുമാനം വിമതർക്ക് കീഴടങ്ങിയതായി സഭാസ്നേഹികൾക്ക് തോന്നുവാനിടയുണ്ട്. എന്നാൽ സഭാമാതാവിനെ വെട്ടി മുറിക്കുമെന്നുള്ള ഭീഷണിയുടെ മുമ്പിൽ സോളമനെപ്പോലെ (1 രാജാ 3:16-18) വിവേകപൂർവമായ ഒരു തീരുമാനമാണ് സിനഡ് എടുത്തതെന്ന് ചിന്തിക്കുവാൻ സഭാതനയർക്ക് കഴിഞ്ഞാൽ, അതവരെ തീർച്ചയായും ആശ്വസിപ്പിക്കുക തന്നെ ചെയ്യും. കഴിഞ്ഞ രണ്ടായിരം വർഷക്കാലങ്ങളിൽ സഭാനൗക ആടിയുലഞ്ഞപ്പോഴെല്ലാം പടവിൽ ശയിച്ചിരുന്ന നല്ല തമ്പുരാൻ ആ നൗക തകരാതെ, മുങ്ങാതെ കാത്തുസൂക്ഷിച്ചുവെങ്കിൽ, ഇന്നും അവിടുന്ന് തന്നെ ഈ സഭയെ സംരക്ഷിക്കും; തീർച്ച.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോഴാണ്, എറണാകുളം-അങ്കമാലി അതിരൂപതയിലെ ഒരു അത്മായ വിശ്വാസി, താഴെപ്പറയുന്ന സംശയം WhatsApp-ലൂടെ ഈ ലേഖകനോട് എഴുതി ചോദിച്ചത്: "സിനഡാനന്തര അറിയിപ്പ് പ്രകാരം, വിശ്വാസികൾ തിങ്കൾ മുതൽ ശനി വരെ ജനാഭിമുഖകുർബാനയിൽ പങ്കെടുക്കുന്നത് അനുവദനീയമോ?" ഒരു സംശയവും കൂടാതെ, ഈ ലേഖകൻ മറുപടി എഴുതി: "തീർച്ചയായും അനുവാദമുണ്ട്." അത് കഴിഞ്ഞപ്പോഴാണ്, 2024 ജൂൺ 9-ാം തീയതിയിലെ സർക്കുലറിലെ തീരുമാനങ്ങൾ അതേപടി നിലനിൽക്കുന്നു എന്ന സിനഡിന്റെ തീരുമാനം ഓർമ്മയിൽ വന്നത്. ഉടനെ, തിരുത്തിയെഴുതി: ''അല്ല; അനുവദനീയമല്ല'' എന്ന്. ശരിയേത്, തെറ്റേത് എന്ന് ആത്മാർത്ഥമായി ചിന്തിക്കുന്ന ദൈവജനത്തിന് ഇനിയും ഒരുപാട് ചോദ്യങ്ങൾ ഉത്തരമില്ലാത്തതായി അവശേഷിക്കുന്നു എന്നുമാത്രം പറയാം.